**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1369** **07-02-2023 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീമതി കെ.കെ.രമ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്രീ പ്രൈമറി മേഖലയിൽ സർക്കാർ സ്കൂളുകളിലും സ്വകാര്യ സ്ക്കൂളുകളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (എ) | സർക്കാർ സ്കൂളുകളിൽ പി.എസ്.സി മുഖേന നിയമിതരായതും സർക്കാർ വേതനം നൽകിവരുന്നതുമായ 49 അദ്ധ്യാപകരും, 39 ആയമാരും ജോലി ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ-കളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറികളിൽ 2864 അദ്ധ്യാപകർക്കും, 1965 ആയമാർക്കും നിലവിൽ സർക്കാർ ഓണറേറിയം നൽകി വരുന്നു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികളിലെ ജീവനക്കാരുടെ എണ്ണം ശേഖരിച്ചുവച്ചിട്ടില്ല. |
| (ബി) | സർക്കാർ സ്കൂളുകളോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ പ്രൈമറികളിലെ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ശമ്പളം എത്രയാണെന്ന് അറിയിക്കുമോ; | (ബി) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.എസ്.സി മുഖേന നിയമിതരാകുന്ന അദ്ധ്യാപകർക്ക് 35600-75400 രൂപ സ്കെയിലിലും, ആയമാർക്ക് 23000-50200 രൂപ സ്കെയിലിലും, അദ്ധ്യാപക രക്ഷാകർത്തൃ സമിതികളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ അദ്ധ്യാപകർക്ക് അവരുടെ സേവന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ, 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,500/- രൂപയും, ആയമാർക്ക് 7500/- രൂപയും, 10 വർഷത്തിന് താഴെ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,000/- രൂപയും, ആയമാർക്ക് 7000/- രൂപയും നിരക്കിൽ നിലവിൽ പ്രതിമാസ ഓണറേറിയമായി അനുവദിച്ചു വരുന്നു. |
| (സി) | വിദ്യാഭ്യാസ വകുപ്പിലെ ദിവസ വേതനക്കാരായ അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന പ്രതിദിന വേതനവും അനുവദനീയമായ പരമാവധി പ്രതിമാസ വേതനവും എത്രയാണെന്ന് അറിയിക്കുമോ; | (സി) | വിദ്യാഭ്യാസ വകുപ്പിലെ ദിവസ വേതനക്കാരായ അവിദഗ്ധ തൊഴിലാളികൾക്ക് നൽകുന്ന കുറഞ്ഞ പ്രതിദിന വേതനം 600/- രൂപയും അനുവദനീയമായ പരമാവധി പ്രതിമാസ വേതനം 16,875/- രൂപയുമാണ്. |

| | | | |
|---|---|---|---|
| (ഡി) | പ്രീ പ്രൈമറി ജീവനക്കാരുമായി ബന്ധപ്പെട്ട് സർക്കാർ ഏതെങ്കിലും കമ്മീഷനുകളെയോ കമ്മറ്റികളെയോ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കമ്മറ്റികൾ/കമ്മീഷനുകൾ എന്തൊക്കെ നിരീക്ഷണങ്ങളാണ് നടത്തിയത്; ഇവയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നു; വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത റിപ്പോർട്ടുകളിന്മേൽ ഇതിനോടകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ഡി) | ബഹു.ഹൈക്കോടതിയുടെ നിർദ്ദേശ ത്തിന്റെ അടിസ്ഥാനത്തിൽ പ്രീ-പ്രൈമറി വിഭാഗത്തിന് പൊതുനയം രൂപീകരിക്കു ന്നതിന്റെ ഭാഗമായി സർക്കാർ ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റിയുടെ പരിശോധനയ്ക്കായി ചുവടെ പറയുന്ന വിഷയങ്ങൾ നിശ്ചയിച്ച് നൽകുകയും ചെയ്തിരുന്നു.<br><br>1. പ്രീ-പ്രൈമറി അധ്യാപക യോഗ്യതയ്ക്ക് കെൽട്രോൺ നടത്തുന്ന കോഴ്സ് പരിഗണിയ്ക്കുന്നത് സംബന്ധിച്ച്<br><br>2. പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്ക് യൂണിഫോം അനുവദിയ്ക്കുന്നത് സംബന്ധിച്ച്<br><br>3. 2012-ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ നിയമിച്ച അധ്യാപകരേയും ആയമാരേയും സ്ഥിരപ്പെടുത്തുന്നതും അവർക്ക് ഓണറേറിയം നൽകുന്നതും സംബന്ധിച്ച്:<br><br>4. പ്രീ-പ്രൈമറി ക്ലാസുകളെ ഹൈടെക്ക് ആക്കുന്നത് സംബന്ധിച്ച്<br><br>5. പ്രീ-പ്രൈമറി സ്കൂളുകളെ ഉച്ച ഭക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച്<br><br>6. നിലവിൽ 60 കഴിഞ്ഞ ജീവനക്കാരുടെ സേവനം അവസാനിപ്പിക്കുന്നത് സംബന്ധിച്ച്<br><br>മേൽ വിഷയത്തിൽ കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച റിപ്പോർട്ടിൽ മേൽ 1, 2, 3 വിഭാഗങ്ങളിൽ കമ്മിറ്റി ശുപാർശ ചെയ്തിരുന്നില്ല.<br><br>റിപ്പോർട്ട് സർക്കാർ പരിശോധിക്കുകയും, കെൽട്രോൺ നടത്തുന്ന പ്രീ-പ്രൈമറി ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് അദ്ധ്യാപക നിയമനത്തിന് പരിഗണിക്കേണ്ടതില്ല എന്നും, പ്രീ-പ്രൈമറി വിഭാഗത്തിലെ കുട്ടികൾക്ക് യൂണിഫോം ഏർപ്പെടുത്തേണ്ടെന്നും, 2012-ന് ശേഷം പി.ടി.എ നിയമിച്ച പ്രീ-പ്രൈമറി വിഭാഗം ജീവനക്കാർക്ക് ഓണറേറിയം നൽകേണ്ടതില്ലായെന്നും സർക്കാർ തീരുമാനമെടുത്തു. 2020-ലെ ദേശീയ വിദ്യാഭ്യാസനയത്തിലെ ഈ വിഷയവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച തീരുമാനം കൈക്കൊണ്ടതിന് ശേഷം മാത്രം സർക്കാർ സ്കൂളുകളിൽ പി.ടി.എ നടത്തുന്ന, നിലവിൽ ഓണറേറിയം ലഭിക്കുന്ന അദ്ധ്യാപകർക്കും ആയമാർക്കും സേവന-വേതന വ്യവസ്ഥകൾ |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കിയാൽ മതിയെന്നും സർക്കാർ തീരുമാനിച്ചു.<br><br>4, 5, 6 വിഷയങ്ങളിൽ ഉചിത നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഇ) | പ്രീ പ്രൈമറി ജീവനക്കാർക്ക് ദിവസവേതനക്കാരെക്കാൾ കുറഞ്ഞ വേതനം നൽകുന്നത് അവരോടുള്ള അവഗണനയാണെന്ന് കരുതുന്നുണ്ടോ; | (ഇ) | സർക്കാർ വകുപ്പുകളിൽ ദിവസ വേതനക്കാരെ നിയമിക്കുന്നതിന് നിശ്ചിത കാലാവധിയുണ്ട്. എന്നാൽ പ്രീ-പ്രൈമറി വിഭാഗം സർക്കാർ സ്കൂളുകൾ ആരംഭിച്ച കാലം മുതൽ ടി വിഭാഗം ജീവനക്കാർക്ക് നിലവിൽ ഓണറേറിയവും, പ്രസവാവധി, പഠനത്തിന്റെ ആവശ്യത്തിലേക്കായി ശൂന്യവേതനാവധി തുടങ്ങിയ ആനുകൂല്യങ്ങൾ സർക്കാർ നൽകിവരുന്നു. |
| (എഫ്) | പ്രീ പ്രൈമറി ജീവനക്കാരെ ശമ്പള സോഫ്റ്റ്‌വെയർ ആയ സ്പാർക്കിൽ ദിവസ വേതന ജീവനക്കാരുടേതിന് തുല്യമായ വിഭാഗത്തിലേക്ക് മാറ്റിക്കൊണ്ടുള്ള നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എഫ്) | പ്രീ-പ്രൈമറി വിഭാഗം ജീവനക്കാർക്ക് സ്പാർക്ക് മുഖേന ഓണറേറിയം വിതരണം ചെയ്യുന്നതിനുള്ള തീരുമാനം മരവിപ്പിച്ചിട്ടുണ്ട്. |
| (ജി) | എങ്കിൽ പ്രീ പ്രൈമറി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (ജി) | നിലവിൽ 2021 മുതൽ അദ്ധ്യാപക രക്ഷാകർത്തൃസമിതികളുടെ നിയന്ത്രണ ത്തിൽ പ്രവർത്തിച്ചുവരുന്ന അംഗീകൃത പ്രീ-പ്രൈമറി വിഭാഗത്തിലെ ജീവനക്കാരിൽ 10 വർഷത്തിന് മുകളിൽ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,500/- രൂപയും, ആയമാർക്ക് 7,500/- രൂപയും, 10 വർഷത്തിന് താഴെ സേവന കാലയളവുള്ള അദ്ധ്യാപകർക്ക് 12,000/- രൂപയും, ആയമാർക്ക് 7,000/- രൂപയും നിരക്കിൽ പ്രതിമാസ ഓണറേറിയമായി അനുവദിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ